**കേരളകാർഷിക സർവ്വകലാശാല**
**കശുമാവ് ഗവേഷണകേന്ദ്രം മാടക്കത്തറ**

സി.ആർ.എം./(അക്കൗ)235/2025 തിയ്യതി - 24/01/2025

## ക്വട്ടേഷൻ നോട്ടീസ്

മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിൽ നഴ്സറി/ഫാം ആവശ്യത്തിലേക്കായി ഒരു വർഷത്തേക്കായി ചകിരിചോറ് നൽകുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

## നിബന്ധനകൾ

1. വണ്ടി വാടകയും, കയറ്റിറക്കു കൂലിയും മറ്റെല്ലാ ചെലവുകളും, ഉൾപ്പെടെ ഈ ഫാമിൽ ഒരു കിലോ ചകിരിചോറ് എത്തിക്കുന്നതിനുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.
2. ക്വട്ടേഷനുകൾ 31/01/2025 രാവിലെ 11.00 മണിക്ക് മുൻപായി ഗവേഷണകേന്ദ്രം മേധാവി മുൻപാകെ സമർപ്പിക്കേണ്ടതാണ്.
3. ക്വട്ടേഷനുകൾ 31/01/2025 ന് ഉച്ചക്ക് 11.30 മണിക്ക് തൽസമയം സന്നിഹിതരായ വ്യക്തികളുടെ മുന്നിൽ വച്ച് തുറക്കുന്നതാണ്.
4. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ നിശ്ചിത സമയത്തിനും സ്ഥലത്തും ഹാജരായി നിരതദ്രവ്യമായി 500/-രൂപ (അഞ്ഞൂറ് രൂപ) 31/01/2025 രാവിലെ 11.00 മണിക്ക് മുൻപായി അടക്കേണ്ടതാണ്. സർക്കാർ ക്വട്ടേഷനുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
5. ക്വട്ടേഷൻ ലഭിച്ചവർ 07/02/2025 തിയ്യതിയിൽ 4 മണിക്ക് മുൻപായി 2500/- രൂപ സെക്യൂരിറ്റി നിക്ഷേപമായി ഓഫീസിൽ അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ വ്യവസ്ഥകൾ അനുസരിച്ച് ചകിരി ചോറ് വിതരണം ചെയ്തുകൊള്ളാമെന്ന് അന്നേ ദിവസം ഒരു സമ്മതപത്രം 200 രൂപയുടെ മുദ്രപത്രത്തിൽ എഴുതി സമർപ്പിക്കേണ്ടതാണ്.
6. ഓർഡർ നൽകുന്നതിനനുസരിച്ച് കൃത്യമായ സമയത്ത് കൃത്യമായ അളവിൽ ഗുണമേൻമയുള്ള ചകിരിചോറ് നൽകേണ്ടതാണ്.
7. ആദ്യ തവണ കൊണ്ടുവരുമ്പോൾ വേയ് ബ്രിഡ്ജിൽ തൂക്കമെടുത്ത് വാഹനത്തിന്റെ ബോഡി ലെവലിലുള്ള അളവ് ഫാം ഓഫീസിൽ ബോദ്ധ്യപ്പെടുത്തേണ്ടതും അതേ വാഹനത്തിൽ പിന്നീട് വിതരണം ചെയ്യുമ്പോൾ ലെവൽ ഓഫീസിൽ കാണിച്ച് അംഗീകാരം നേടേണ്ടതുമാണ്. വാഹനം മാറി സപ്ലൈ ചെയ്താൽ മേൽ രീതി വീണ്ടും സ്വീകരിക്കണം.
8. ക്വട്ടേഷനുകൾ പ്രത്യേക കാരണം കൂടാതെ നിരസിക്കുവാനുള്ള അധികാരം ഗവേഷണ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

ഗവേഷണകേന്ദ്രം മേധാവി

Assistant Professor & Head i/c
Cashew Research Station
Kerala Agricultural University
Madakkathara P.O., Thrissur-680 651

CASHEW RESEARCH STATION MADAKKATHARA PIN 680 651 KERALA AGRICULTURAL UNIVERSITY

പകർപ്പ് :

1. നോട്ടീസ് ബോർഡ്, കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ
2. കെ എ യു വെബ്സൈറ്റ്
3. ഗ്രാമപഞ്ചായത്ത് ഓഫീസ്, മാടക്കത്തറ
4. കൃഷിഭവൻ, ഒല്ലൂക്കര
5. വില്ലേജ് ഓഫീസ്, വെള്ളാനിക്കര & മാടക്കത്തറ
6. ഹോർട്ടിക്കൾച്ചർ കോളേജ്, വെള്ളാനിക്കര, നോട്ടീസ് ബോർഡ്
7. കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി, നോട്ടീസ് ബോർഡ്
8. പി പി എൻ എം യു, നോട്ടീസ് ബോർഡ്
9. ബി ആർ എസ്, കണ്ണാറ, നോട്ടീസ് ബോർഡ്
10. ഫാം ഓഫീസ്, സി ആർ എസ്, മാടക്കത്തറ